# കേരള പബ്ളിക് സർവീസ് കമ്മീഷൻ

**ജില്ലാ ആഫീസ്: തിരുവനന്തപുരം**

R.L No. 200 /15/DOT തിരുവനന്തപുരം,
Cat.No.63/2011 & 64/2011 തീയതി :18.05.2015.

## വിജ്ഞാപനം

**30.04.2011** ലെ ഗസറ്റ് വിജ്ഞാപന പ്രകാരം തിരുവനന്തപുരം ജില്ലയിൽ ജില്ലാ സഹകരണ ബാങ്കിൽ **5825 - 15875** രൂപ ശമ്പള നിരക്കിൽ ഡ്രൈവർ (കാറ്റഗറി നമ്പർ .63/2011-നേരിട്ടുള്ള നിയമനം, കാറ്റഗറി നമ്പർ. 64/11 – തസ്തിക മാറ്റം വഴിയുള്ള നിയമനം) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 20.01.2012 തീയ്യതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെയും തുടർന്ന് നടത്തിയ പ്രമാണ പരിശോധന യുടേയും, പ്രായോഗിക പരീക്ഷയുടേയും അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക ചുവടെ ചേർത്തിരിക്കുന്നു. ഈ റാങ്ക് പട്ടികയ്ക്ക് 18.05.2015. തീയ്യതി മുതൽ പ്രാബല്യമുണ്ടാ യിരിക്കുന്നതാണ്. ഈ റാങ്ക് പട്ടിക 18.05.2015 മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ തസ്തികയ്ക്ക് ഈ ജില്ലയിൽ ഒരു പുതിയ റാങ്ക് ലിസ്റ്റ്പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയ്യതി മുതൽ ഈ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

ഈ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ ഇരിയ്ക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം നടത്തുന്നതല്ല; ഉത്തരക്കടലാസുകളുടെ പുന:പരിശോധന നടത്തുന്നതാണ്. ആയതിലേക്ക് 0051-PSC-105-STATE PSC-99-EXAMINATION FEE എന്ന ഹെഡ് ഓഫ് അക്കൗിൽ **75/-** രൂപ ചെലാൻ ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ്, തിരുവനന്തപുരം – 695004 എന്ന വിലാസത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം അപേക്ഷിക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ കമ്മീഷന്റെ വെബ്സൈറ്റിലും (www.keralapsc.gov.in) ലഭിക്കുന്നതാണ്. നിശ്ചിത മാതൃകയിലല്ലാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് തിരിച്ച് നൽകുന്നതല്ല. അസാധുവാക്കപ്പെട്ട ഉത്തരക്കടലാസു കളുടെ പുന:പരിശോധന അനുവദിക്കുന്നതല്ല.

ഉത്തരക്കടലാസുകളുടെ ഫോട്ടോ കോപ്പി ആവശ്യമുള്ളവർ 0051-PSC-800-STATE PSC-99-OTHER RECEIPTS എന്ന ഹെഡ് ഓഫ് അക്കൗിൽ **300/-** രൂപ ചെലാൻ ഒടുക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ്, തിരുവനന്തപുരം–695004 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. ഒരു ഉദ്യോഗാർത്ഥിക്ക് ഒരു തവണ മാത്രമേ ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി നൽകുകയുള്ളൂ.

തന്റേതല്ലാത്ത ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പിയ്ക്കോ പുന:പരിശോധനയ്ക്കോ ഉദ്യോഗാർത്ഥി അപേക്ഷിക്കാൻ പാടില്ല. അത്തരത്തിൽ അപേക്ഷിച്ചതായി തെളിഞ്ഞാൽ പ്രസ്തുത ഉദ്യോഗാർത്ഥിയ്ക്കെതിരെ കമ്മീഷൻ നിയമ നടപടി സ്വീകരിക്കുന്നതാണ്. ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കും ഫോട്ടോകോപ്പിക്കുമുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 01.07.2015 ആണ്. മേൽ തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

നിയമനം വേണ്ടെന്ന് വെയ്ക്കാനാഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്. ഇങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ 'നിയമിക്കപ്പെടാനുള്ള അവകാശം വേണ്ടെന്ന് വെയ്ക്കുന്നു' എന്ന് എഴുതിയ രേഖ സംസ്ഥാന/കേന്ദ്ര സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടു കൂടി (ടി ഉദ്യോഗസ്ഥന്റെ പേരും, പദവിയും ഓഫീസ് മുദ്രയും പതിച്ചിരിക്കണം) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ഉദ്യോഗാർത്ഥി നിയമനശിപാർശ ചെയ്യപ്പെടാൻ അർഹമാകുന്ന ഒഴിവുകൾ ഈ ആഫീസിൽ അറിയിക്കപ്പെടുന്ന തീയ്യതിയിലോ അതിന് മുമ്പോ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പിന്നീട് പരിഗണിക്കുകയുള്ളൂ.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ഗീത ആർ
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, തിരുവനന്തപുരം,

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ